# ARCHDIOCESE OF CHANGANACHERRY

CHANCELLOR

Archbishop House
Post Box No. 20
Changanacherry 686101
Kottayam, Kerala, India


C. 26/GL 359

September 16, 2026

അമ്പൂരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. തോമസ് മംഗലശ്ശേരി 15/5/2026ൽ ഇവിടെ സമർപ്പിച്ച അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കുന്നു.

ചങ്ങനാശ്ശേരി അതിരൂപതയുടെ ഉടമസ്ഥതയിലുള്ള അമ്പൂരി എസ്റ്റേറ്റിന്റെ ഭാഗമായും അമ്പൂരി ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തോട് ചേർന്ന് വലതുവശത്തുമായി സ്ഥിതിചെയ്യുന്നതുമായ ഒൻപത് (9) സെന്റ് സ്ഥലം, അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ പൊതുതാൽപര്യത്തിനും ആവശ്യത്തിനുമായി സൗജന്യമായി അമ്പൂരി ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിനും, അതിന് പകരമായി അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള, പൂച്ചമുക്ക്–തട്ടാമുക്ക് റോഡിൽ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തോട് ചേർന്ന് ഇടതുവശത്തായി സ്ഥിതിചെയ്യുന്ന ഒൻപത് (9) സെന്റ് സ്ഥലം ചങ്ങനാശ്ശേരി അതിരൂപതയുടെ പേരിൽ സൗജന്യമായി തിരിച്ചെഴുതി രജിസ്റ്റർ ചെയ്ത് ഏറ്റെടുക്കുന്നതിനും അനുമതി നൽകുന്നു.

ഈ സ്ഥലം കൈമാറ്റവും തിരിച്ചെഴുത്തും ബന്ധപ്പെട്ട നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചും ആവശ്യമായ രേഖകൾ തയ്യാറാക്കിയും നടപ്പിലാക്കേണ്ടതാണ്.

അമ്പൂരി പഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ പരിഗണിച്ച്, ആവശ്യമായ സൗകര്യങ്ങളോടു കൂടിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി, ചങ്ങനാശ്ശേരി അതിരൂപത മുപ്പത് (30) സെന്റ് ഭൂമി 1976 ഓഗസ്റ്റ് മാസം അമ്പൂരി പഞ്ചായത്തിന് സൗജന്യമായി നൽകിയിട്ടുള്ളതാണ്. ആയതിനാൽ, പ്രസ്തുത വസ്തുത പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ ഒരു ഫലകത്തിൽ വ്യക്തമായി രേഖപ്പെടുത്തി, ഭാവിയിലേക്കായി സ്ഥിരമായി സംരക്ഷിക്കേണ്ടതാണ്.

ച. അതിമെത്രാസനഭവനത്തിൽനിന്നും കല്പനപ്രകാരം,

**ഫാ. ജോർജ് പുതുമനമൂഴിയിൽ**
ചങ്ങനാശ്ശേരി അതിരൂപതാ ചാൻസിലർ

ARCHDIOCESE OF CHANGANACHERRY
CHANCELLOR

Copy to: Very Rev. Fr. John Thekkekara, *Syncellus* in charge
Very Rev. Fr. Procurator, Archeparchy of Changanacherry
Manager, Amboori Estate